നമ്പർ: 240/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ മലങ്കര സഭയിലെ എല്ലാ ഇടവകപള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

2012-ൽ രൂപീകൃതമായതും ഇപ്പോൾ നിലവിലുള്ളതുമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ കാലാവധി 2017 മാർച്ച് മാസം 06-ാം തീയതി അവസാനിക്കുകയാണല്ലോ. ആയതിനാൽ പള്ളി ഇടവകകളിൽ നിന്നും പുതുതായി പള്ളി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തി പുതിയ അസോസിയേഷൻ രൂപീകരിച്ച് അസോസിയേഷന്റെ ഒരു യോഗം വിളിച്ചുകൂട്ടി പുതിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പും ആവശ്യമായ മറ്റ് തെരഞ്ഞെടുപ്പുകളും നടത്തേണ്ടതുണ്ട്.

മലങ്കര അസോസിയേഷനിലേക്ക് ഇടവക തലങ്ങളിൽ സഭാ ഭരണഘടനപ്രകാരം അർഹതയുള്ള ഇടവകയോഗാംഗങ്ങളുടെ സംഖ്യ അനുസരിച്ച് പ്രതിനിധികളെ പുതുതായി തെരഞ്ഞെടുക്കേണ്ടത് ആവശ്യമാകയാൽ നാം ഈ കൽപന പുറപ്പെടുവിക്കുന്നു.

പള്ളി ഇടവകകളിൽ നിന്നും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന പ്രകാരം 30.09.2016-ൽ അർഹതയുള്ള ഇടവകയോഗാംഗങ്ങളുടെ ലിസ്റ്റ് അതത് പള്ളികളിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന പട്ടക്കാരുടെ സഹകരണത്തോടുകൂടി തയ്യാറാക്കി ആവശ്യമായ വിവരങ്ങൾ ഇതോടൊന്നിച്ചയയ്ക്കുന്ന **A, B.** എന്നീ ഫോറങ്ങളിൽ ചേർത്ത് 20.10.2016 -നോ അതിനുമുമ്പോ അസോസിയേഷൻ സെക്രട്ടറിക്ക് **(കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി. ഒ, മുട്ടമ്പലം(വഴി), കോട്ടയം-686004 എന്ന വിലാസത്തിൽ)** ലഭിക്കത്തക്കവണ്ണം അയച്ചുകൊടുക്കണം. ആയതിന്റെ കോപ്പി **catholicateoffice@mosc.in** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പ്രസ്തുത ലിസ്റ്റിന്റെ ഒരു കോപ്പി മെത്രാസന മെത്രാപ്പോലീത്തായ്ക്ക് നൽകുകയും ഒരു കോപ്പി പള്ളി ഇടവക ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ഓഫീസിൽ നിന്ന് അയച്ചു തരുന്ന ഫോറങ്ങളുടെ ഫോട്ടോ കോപ്പി ഉപയോഗിക്കാവുന്നതാണ്.

മേൽപറഞ്ഞ പ്രകാരം ലിസ്റ്റ് തയ്യാറാക്കി അയയ്ക്കുന്നതോടുകൂടി പ്രസ്തുത ലിസ്റ്റ് നോട്ടീസ് ബോർഡിൽ പതിച്ചോ, മറ്റ് വിധത്തിലോ ഇടവകാംഗങ്ങൾക്ക് അറിവ് ലഭിക്കത്തക്കവിധം പ്രസിദ്ധീകരിക്കേണ്ടതാണ്.

(മറുപുറം)

പള്ളി ഇടവകകളിൽ നിന്നും മേൽപറഞ്ഞ പ്രകാരം ലിസ്റ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അന്വേഷണങ്ങളും പരിശോധനകളും നടത്തി ഓരോ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികൾ എത്രയെന്ന് നിശ്ചയിച്ച് അതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കൽപനകൾ യഥാവസരം നാം പുറപ്പെടുവിക്കുന്നതാണ്. പള്ളികളിൽ നിന്നുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനു ശേഷം താമസം കൂടാതെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം കൂടി സഭാ മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ നടപടികളും സഭാ ഭരണഘടന അനുസരിച്ചും അതിന് വിധേയമായും നടത്തുന്നതാണെന്നും നടത്തേണ്ടതാണെന്നും നാം പ്രത്യേകമായി നിങ്ങളെ അറിയിക്കുകയും നിർദ്ദേശിക്കുകയും ചെയ്യുന്നു.

മലങ്കര സഭയിലെ എല്ലാ മേൽപട്ടക്കാരും, പട്ടക്കാരും, സഭാംഗങ്ങളും മേൽപ്രസ്താവിച്ച സംഗതികളിൽ ആവശ്യമായ സഹായസഹകരണങ്ങൾ വീഴ്ച കൂടാതെ നൽകണമെന്നും അതിന് എല്ലാവരും ബാധ്യസ്ഥരാണെന്നും നാം എല്ലാവരേയും ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

മലങ്കര സഭയിലെ എല്ലാ ഇടവകപ്പള്ളികളും നാം വിളിച്ചുകൂട്ടുന്ന അസോസിയേഷൻ യോഗത്തിൽ സംബന്ധിച്ച് സഹകരിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. മേൽ സംഗതികളിൽ യുക്തമായ എല്ലാ ഏർപ്പാടുകളും എല്ലാ മെത്രാസനങ്ങളിൽ നിന്നും ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ വിവരങ്ങൾ അയച്ചുതരണമെന്നും അസോസിയേഷൻ യോഗത്തിന്റെ വിജയകരമായ നടത്തിപ്പിന് കഴിവുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്തുതരണമെന്നും നാം പ്രത്യേകം താത്പര്യപ്പെടുന്നു.

ഈവക സംഗതികൾ നടപ്പാക്കുന്നത് സംബന്ധിച്ചോ, പൂരിപ്പിച്ചയയ്ക്കേണ്ട ഫോറങ്ങൾക്ക് വേണ്ടിയോ നമ്മുടെ കാതോലിക്കേറ്റ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ഒക്ടോബർ മാസം 1-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.